ഭരണഭാഷ - മാതൃഭാഷ

നം :ICDS/B3-21987/19

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര തിരുവനന്തപുരം
തീയതി: 23/06/2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നമ്പർ: 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് ICDS- അനുപൂരക പോഷകാഹാരം - 6മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ- പോഷകാഹാരം ലഭ്യമാകുന്നുന്നതു സംബന്ധിച്ച്

സൂചന :

അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം 6മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികളിലൂടെ കുടുംബശ്രീ നിർമ്മിക്കുന്ന അമൃതം ന്യൂട്രിമിക്സ് നൽകി വരുന്നു. എന്നാൽ ഈ വിഭാഗത്തിലെ ന്യൂട്രിമിക്സ് ആവശ്യമുള്ള ധാരാളം കുട്ടികൾക്ക് യഥാസമയം ന്യൂട്രിമിക്സ് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ എല്ലാ ഉപഭോക്താക്കൾക്കും ന്യൂട്രിമിക്സ് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവർ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

- ഓരോ പ്രോജെക്ടിന്റെയും പരിധിയിൽ വരുന്ന 6 മാസം മുതൽ 3 വയസ്സുവരെയുള്ള ന്യൂട്രിമിക്സ് ആവശ്യമുള്ള എല്ലാ കുട്ടികളെയും അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ എൻറോൾ ചെയ്യിക്കേണ്ടതാണ്.
- ഈ കുഞ്ഞുങ്ങൾക്ക്, ഒരു ദിവസം 135 gm ഗ്രാം എന്ന അളവിൽ 25 ദിവസത്തേക്ക് ആവശ്യമായ ന്യൂട്രിമിക്സ് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.
- പഞ്ചായത്തുകൾ പ്രൊജക്ട് വയ്ക്കുമ്പോൾ 3വയസ്സിനു താഴെ പ്രായമുള്ള ന്യൂട്രിമിക്സ് ആവശ്യമുള്ള കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കേണ്ടതും, ഇവർക്ക് എല്ലാ പേർക്കും ന്യൂട്രിമിക്സ് നൽകുന്നതിന് ഇവരുടെ എണ്ണം പ്രൊജക്ടിൽ ഉറപ്പാക്കേണ്ടതുമാണ്.
- ഇപ്രകാരം കണക്കാക്കുന്ന അളവ്, ന്യൂട്രിമിസ് വിതരണം ചെയ്യുന്ന യൂണിറ്റുകളെ മുൻകൂട്ടി അറിയിക്കേണ്ടതുണ്ട്, വിതരണ വേളയിൽ ഈ അളവ് കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്

- ഓരോ മാസം /ക്വാർട്ടറിൽ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്നും ലഭ്യമാകുന്ന ന്യൂട്രിമിക്സിന്റെ അളവ് രജിസ്റ്ററിൽ കൃത്യമായും രേഖപ്പെടുത്തേണ്ടതും, ആവശ്യപ്പെട്ട അളവിൽ കുറവ് ഉള്ള പക്ഷം , ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
- ന്യൂട്രിമിക്സ് വിതരണം ഒരു കാരണവശാലും മുടങ്ങുവാനോ, നിശ്ചിത അളവിൽ കുറയുവാനോ പാടുള്ളതല്ല.
- സൂപ്പർവൈസർമാർ, CDPOമാർ, എന്നിവർ നിർബന്ധമായും random ആയി ഗുണഭോക്താവിനെ ബന്ധപ്പെട്ട് കൃത്യമായി ന്യൂട്രിമിക്സ് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക.
- ഇത് സംബന്ധിച്ച് അങ്കണവാടി വർക്കർ/ഹെൽപ്പർ ക്ക കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്

വനിതാ ശിശുവികസന ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

website
26/6/20